# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ്—സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമുള്ള ഭവനനിർമ്മാണ വായ്പ—വായ്പ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (എച്ച്. ബി. എ.) വകുപ്പ്

**സ. ഉ. (അച്ചടി) നമ്പർ 77/2021/ധന.** **തിരുവനന്തപുരം, 2021 മേയ് 25.**

---

പരാമർശം:—(1) സ. ഉ. (അച്ചടി) നമ്പർ 505/2009/ധന. തീയതി 12-11-2009.

(2) സർക്കുലർ നമ്പർ 3/94/Fin. തീയതി 17-1-1994.

## ഉത്തരവ്

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 244c (xxi) പ്രകാരം ഭവനനിർമ്മാണ വായ്പ കൈപ്പറ്റി ഒരു വർഷത്തിനകം വായ്പ വിനിയോഗ സാക്ഷ്യപത്രം വകുപ്പ് മേധാവി മേലൊപ്പ് വച്ച് അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുക്കേണ്ടതാണ്. സ.ഉ. (അച്ചടി) നമ്പർ 430/2015/ധന. തീയതി 29-9-2015 ഉത്തരവ് പ്രകാരം ഈ കാലാവധി രണ്ടു വർഷമായി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. എന്നാൽ രേഖകൾ സമർപ്പിച്ച് ലോൺ ലഭ്യമായതിനു ശേഷം, പല സാഹചര്യങ്ങളാൽ അപേക്ഷയിൽ കാണിച്ച ഫ്ളാറ്റ്/വീട് വാങ്ങാൻ/നിർമ്മിക്കാൻ ഉദ്ദേശിച്ച പ്ലോട്ടിൽ നിന്ന് മാറി മറ്റൊരു പ്ലോട്ടിൽ ജീവനക്കാർ പാർപ്പിട സൗകര്യം ഉറപ്പുവരുത്തുന്ന നിരവധി കേസുകളുണ്ട്. ഇത്തരം കേസുകളിൽ വായ്പ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കാനാവാത്തതിനാൽ വരുന്ന പിഴപ്പലിശ ഒഴിവാക്കി നൽകണമെന്ന് കാണിച്ച് കൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചുകൊണ്ടിരിക്കുന്നു. ഭവനനിർമ്മാണ വായ്പ നൽകുന്നത് ജീവനക്കാർക്ക് പാർപ്പിടം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ ആയതിനാൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

GCPT. 4/1617/2021/250/S-11.

ഭവനനിർമ്മാണ വായ്പതുക ലഭിച്ചു ഒരു വർഷത്തിനുള്ളിൽ പ്ലോട്ട് മാറി വീട് വെക്കാനോ ഫ്ളാറ്റ് വാങ്ങാനോ അപേക്ഷ ലഭിക്കുമ്പോൾ വകുപ്പ് മേധാവി ധനകാര്യ പരിശോധനാ വിഭാഗം ജില്ലാ ഓഫീസർക്ക് ടി അപേക്ഷ അയച്ച് കൊടുക്കേണ്ടതും ധനകാര്യ പരിശോധനാ വിഭാഗം ജില്ലാ ഓഫീസർ അപേക്ഷ ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ ടി പ്ലോട്ട്/ഫ്ളാറ്റ് പരിശോധിച്ച് ലോൺ തുക ടി ആവശ്യത്തിന് തന്നെയാണോ ചിലവഴിച്ചതെന്ന് റിപ്പോർട്ട് നൽകേണ്ടതുമാണ്. ഇങ്ങനെയുള്ള കേസുകളിൽ ഈ റിപ്പോർട്ട് സഹിതം വായ്പ വിനിയോഗ സാക്ഷ്യപത്രം ലോൺ തുക ലഭിച്ച് രണ്ടു വർഷത്തിനുള്ളിൽ എ.ജി.-ക്ക് സമർപ്പിക്കേണ്ടതാണ്. കാലതാമസമുണ്ടാകുന്ന കേസുകളിൽ വായ്പ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കേണ്ട നിശ്ചിത കാലയളവ് മുതൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം കെട്ടിട നമ്പർ നൽകുന്ന തീയതി/വായ്പ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്ന തീയതി ഇതിൽ ഏതാണോ ആദ്യം അതുവരെ മാത്രമേ പിഴ പലിശ (2.5%) ഈടാക്കേണ്ടതുള്ളൂ.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

രാജേഷ് കുമാർ സിംഗ്, IAS,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

<u>പകർപ്പ്.</u>— പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ജി & എസ്. എസ്. എ.), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ.), കേരളം, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസുകൾക്കും.

സെക്രട്ടേറിയറ്റ് വകുപ്പുകളിലെ എല്ലാ സെക്ഷനുകൾക്കും.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.

ലെജിസ്ലേറ്റീവ് അസംബ്ലി സ്പീക്കറുടെ സെക്രട്ടറി.

മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, ചീഫ് വിപ്പ്, പ്രതിപക്ഷ നേതാവ് എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, കേരളം, തിരുവനന്തപുരം.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഓംബുഡ്സ്മാൻ.

ധനകാര്യ പരിശോധനാവിഭാഗം.

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ് (1751140)

---